പ്രദേശിൽ കർഷകർക്ക് സ്വന്തമായിട്ടുള്ള ഭൂമിയെ സംബന്ധിച്ച 'പട്ടാദാർ' പാസ്ബുക്കും നിലവിലുണ്ട്. മറ്റുള്ള സംസ്ഥാനങ്ങളിൽ ഇത്തരം കാർഡുകൾ നിലവിലുള്ളതായി അറിവില്ല.

80 (2229) ആലപ്പുഴ ജില്ലയിൽ നൽകിയിട്ടുള്ള പട്ടയം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2000 ഫെബ്രുവരി ഒന്നു വരെ ആലപ്പുഴ ജില്ലയിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത കാലയളവിൽ പട്ടയം ലഭിക്കുന്നതിന് എത്ര അപേക്ഷകളാണ് സർക്കാരിനു ലഭിച്ചിട്ടുള്ളത്;

(സി) ആലപ്പുഴ ജില്ലയിൽ കടലോര മേഖലയിൽ പട്ടയത്തിനായുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്നു;

(ഡി) കടലോര പ്രദേശത്തും കായൽ പുറംമ്പോക്കുകളിലും താമസിക്കുന്നവർക്ക് മുന്ന് മാസത്തിനുള്ളിൽ പട്ടയം നൽകാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 5911.

(ബി) 10590.

(സി) മത്സ്യ തൊഴിലാളികളുടെ ഭൂമിയ്ക്കുള്ള പട്ടയം ലഭിക്കുന്നതിലേക്കായി അപേക്ഷ ക്ഷണിച്ചതു പ്രകാരം 1716 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഡി) നിലവിലുള്ള ചട്ടങ്ങൾക്കു വിധേയമായി പട്ടയം നൽകുന്നതിനുള്ള നടപടി ത്വരിതഗതിയിൽ നടന്നു വരുന്നു.

81 (2231) ശ്രീപാദം ഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടി

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിലെ ശ്രീപാദം ഭൂമിയ്ക്കു പട്ടയം നൽകുന്നതിനുള്ള നടപടിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) ഈ മണ്ഡലത്തിലെ ശ്രീപാദം ഭൂമിക്ക് പട്ടയം ലഭിക്കുന്നതിലേയ്ക്കുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അവയുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഈ മണ്ഡലത്തിലെ പട്ടയ വിതരണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിലെ മുഴുവൻ ശ്രീപാദം ഭൂമിക്കും അടുത്ത ഒരു വർഷത്തിനുള്ളിൽ പട്ടയം നൽകാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly